കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

1982 മാർച്ച് 5, വെള്ളി.

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1982 മാർച്ച് 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 9-ന് ബഹുമാനപ്പെട്ട ചെയർമാന്റെ (ശ്രീ. ടി. എം. ജേക്കബ്) അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ഗവർണ്ണറുടെ സന്ദേശം

Mr. Chairman : Order, Order. Under Rule 15 (7) of the Rules of Procedure and Conduct of Business in the Kerala Legislative Assembly, I have to report to the Assembly the reply received from the Governor :

" I am greatly pleased with the Motion of Thanks which the Seventh Session of the Sixth Kerala Legislative Assembly has adopted on my address on 29th January, 1982."

II. റൂൾ 304-അനുസരിച്ച് കശുവണ്ടി വ്യവസായത്തെയും അതിലെ തൊഴിലാളികളുടെ സ്ഥിതിയേയും സംബന്ധിച്ചുള്ള ശ്രീ. ആർ. എസ്. ഉണ്ണിയുടെ പ്രസ്താവന

ശ്രീ. ആർ. എസ്. ഉണ്ണി : സർ, റൂൾ 304 അനുസരിച്ച് കശുവണ്ടി വ്യവസായത്തെയു അതിലെ തൊഴിലാളികളെയും സംബന്ധിച്ച്, അവരുടെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്യണം. അതിനുള്ള അനുവാദത്തിനായി ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ : Yes, you can make your statement.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഈ വ്യവസായം കഴിഞ്ഞ ആറുമാസക്കാലമായി അടച്ചിട്ടിരിക്കുകയാണ്. തൊഴിലില്ല, തൊഴിലാളികളും പട്ടിണിയിലാണ്. ആഴ്ചക്കണക്കായി തീ പോലും അടുപ്പിൽ കത്തിക്കാൻ നിർവ്വാഹമില്ലാതെ, ഒരു തുള്ളി കഞ്ഞിവെള്ളം പോലും കുടിക്കാൻ നിർവ്വാഹമില്ലാതെ തൊഴിലാളികളും പട്ടിണികിടക്കുന്നു. പതിനായിരക്കണക്കിന് കുടുംബങ്ങളും പട്ടിണി കിടക്കുന്നു. പട്ടിണി മരണങ്ങളും വളരെ ഉണ്ടാകുന്നതിനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്. അത് പടർന്നുപിടിക്കാനുള്ള സാധ്യതകളുമുണ്ട്. ഒരു ക്ഷാമത്തിന്റെ വക്കത്താണ് സ്ഥിതിഗതികളും എത്തിനിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതകളും വളരെ വിരളമാണ്. തുടങ്ങിയാൽത്തന്നെ എത്ര ദിവസം ഇത് നടത്താൻ സാധിക്കുമെന്നും അറിഞ്ഞുകൂടാ. നാടൻ തോട്ടണ്ടിയുടെ പ്രൊക്യുവർമെൻറിനെ സംബന്ധിച്ച് വലിയ ആശങ്ക ഉളവാക്കുന്ന സാഹചര്യങ്ങളും ഉണ്ട്. ഇതിൽ രാഷ്ട്രീയമില്ല. രാഷ്ട്രീയമായി ഞങ്ങളും ഇതിനെ കാണുന്നില്ല. നമ്മുടെ രാജ്യത്ത് ഒന്നരലക്ഷത്തോളം കുടുംബങ്ങളെ തീറ്റിപ്പോറ്റുന്ന ഈ വ്യവസായം ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി കൊണ്ട് നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. അതിനു ഞാൻ ആരേയും പഴിക്കുന്നില്ല. ഇത് വളരെ മനഃപൂർവ്വമായിട്ട് ഉണ്ടായതാണെന്നാണ് എൻറെ വ്യക്തിപരമായ അഭിപ്രായം. പക്ഷെ അതിനു സാദ്ധ്യതകളും കുറഞ്ഞു. കുടി വറുപ്പും കമ്മീഷൻ ഏജൻസി സമ്പ്രദായവും വന്നു ഈ നയം മൂലം. ഈ നിയമസഭ പാസ്സാക്കിയ തീരുമാനം, അത് നടത്തിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ നേരത്തേ എടുത്തിരുന്ന ആ തീരുമാനമൊക്കെ മാറ്റി. ഓപ്പൺ ലൈസൻസി സമ്പ്രദായം വന്നു. നമ്മുടെ നാടൻ തോട്ടണ്ടി പ്രൊക്യുവർമെൻറിൻെറ ചുമതല പോലും ഇന്ന് മാർക്കറ്റിംഗ് ഫെഡറേഷനെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും സഹകരണസംഘങ്ങൾക്ക് വാങ്ങാൻ കാശില്ല. അവരുടെ കൈയിൽ പണമില്ല. മാർക്കറ്റിൽ തോട്ടണ്ടിക്ക് കൃഷിക്കാരനു വില കിട്ടുന്നില്ല. നിശ്ചയിച്ച വില പോലും കൊടുത്തു വാങ്ങാൻ ആളില്ല. സഹകാര്യ മുതലാളിമാർ നല്ലതുപോലെ തോട്ടണ്ടി വാങ്ങുന്നുണ്ട്. അവരുടെ ഗോഡൗണുകളിൽ തോട്ടണ്ടി വരുന്നുണ്ട്. എന്നാൽ മാർക്കറ്റിംഗ് ഫെഡറേഷൻ ചുമതല പ്പെടുത്തിയ സഹകരണസംഘങ്ങൾ തോട്ടണ്ടി വാങ്ങുന്നില്ല. കൃഷിക്കാർക്ക് പണം കിട്ടുന്നില്ല. അതാണ് പ്രൊക്യുവർമെൻറിൻെറ സ്ഥിതി. ഈ വർഷം എത്ര ടൺ തോട്ടണ്ടി സംഭരിക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി യാതൊരു നിശ്ചയവുമില്ല. സീസണൊക്കെ ആരംഭിച്ചിട്ട് നാളുകളായി. നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂളനുസരിച്ച്, നിശ്ചയിച്ചിട്ടുള്ള കണക്കനുസരിച്ച് പ്രതീക്ഷയ്ക്കു ഒത്തു തോട്ടണ്ടി സംഭരിക്കാൻ കഴിയുന്നില്ല എന്നുള്ളതുകൊണ്ട് ഇത് വലിയ ആശങ്കയ്ക്കു ഇടയാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ 2-ാം തീയതി മുൻ ഗവൺമെൻറ് ഒരു വെൽഫെയർ സ്കീം പ്രഖ്യാപിച്ചിരുന്നു. അത് നോട്ടിഫൈ ചെയ്തു. അത് നടപ്പാക്കാൻ സാവകാശം കിട്ടിയില്ല. ഒക്റ്റോബർ 2-ാം തീയതിയാണ് പ്രഖ്യാപിച്ചത്. ഒരുകോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. അതിലെ പ്രധാന ഇനം സൗജന്യറേഷൻ കൊടുക്കുക എന്നുള്ളതാണ്, ആ സ്കീം വിഭാവനം ചെയ്യുന്നത് പ്രധാനമായി അതാണ്. ഒരുകോടി രൂപ വകകൊള്ളിച്ചു. കഴിഞ്ഞ പ്രാവശ്യം ഫാക്ടറികളും വഴിക്ക് ഈ കശുവണ്ടിത്തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുത്തിരുന്നു. തൊഴിലില്ലാതെ വരുന്നതിൻെറ ഫലമായി നിരന്തരമായും തുടർച്ചയായും പട്ടിണികിടക്കുന്ന സാഹചര്യത്തിൽ അവർക്ക് ഒരു ആശ്വാസം നൽകുന്നതിനാണ് ഈ സൗജന്യറേഷൻ കൊടുക്കുന്നത്. പതിനഞ്ചര ലക്ഷം രൂപാമതി ഒരു പ്രാവശ്യം സൗജന്യറേഷൻ കൊടുക്കാൻ. ഏഴര കിലോ അരി വീതം കൊടുക്കാൻ കഴിയും. രണ്ടോ മൂന്നോ പ്രാവശ്യം സൗജന്യറേഷൻ കൊടുക്കാൻ സാധിക്കും. ഈ സ്കീം പ്രഖ്യാപിച്ചതാണ്. ഈ സ്കീം പ്രഖ്യാപിച്ചത് ഒരു ആശ്വാസം എന്നുള്ള നിലയ്ക്കാണ്.

അതുപോലെതന്നെ ഇടക്കാലാശ്വാസം തൊഴിലാളികൾക്ക് നൽകുന്ന കീഴ്വഴക്കവും ഉണ്ട്: കാഷ്യു ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഒരു ക്ലിപ്തമായ തുക ഇടക്കാലാശ്വാസം എന്നുള്ള നിലയ്ക്ക്, സൗജന്യ വേതനം എന്ന നിലയ്ക്ക് സഹകാര്യ വ്യവസായികളും കൊടുക്കാറുണ്ട്. അതിനവരെ പ്രേരിപ്പിക്കണം. അതുകൊണ്ട് ഈ വ്യവസായത്തിലെ തൊഴിലാളികൾ പട്ടിണിമൂലം പട്ടിണി മരണങ്ങൾക്ക് ഇടയാകുന്ന സാഹചര്യം ഉണ്ടെന്നുള്ള വസ്തുത കണക്കിൽ എടുത്തു ഇടക്കാലാശ്വാസം നൽകാനും, സൗജന്യറേഷൻ നൽകാനും

LIBRARY ARCHIVES Kerala Legislative Assembly

നായനാർ ഗവൺമെൻറ് പ്രഖ്യാപിച്ച കാഷ്യു വെൽഫെയർ സ്കീം നടപ്പാക്കാനും ഈ ഗവൺമെൻറ് നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്ന് കശുവണ്ടി മേഖലയിൽ ആകെ പ്രവർത്തിക്കുന്ന നൂറുകണക്കിന് പ്രവർത്തകൻമാർ സെക്രട്ടറിയേറ്റിൻറെ മുമ്പിൽ നിരാഹാരസത്യഗ്രഹം നടത്തുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, കശുവണ്ടി മേഖലയിലുള്ള വിഷമതകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഉണ്ണി, ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു മുമ്പായി തന്നെ ഈ പ്രശ്നം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുകയും കശുവണ്ടി വാങ്ങാനുള്ള ഏർപ്പാടുകളും മാർക്കറ്റിംഗ് ഫെഡറേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം ഈ കാലഘട്ടത്തിൽ വാങ്ങിയതിനേക്കാളും കൂടുതൽ കശുവണ്ടി ഇപ്പോൾ ഈ കാലഘട്ടത്തിൽ വാങ്ങിക്കഴിഞ്ഞു എന്നു പറയാൻ എനിക്ക് സന്തോഷമുണ്ട്. (ബഹളം) സർ, കഴിഞ്ഞ ആറുമാസമായി ഈ രംഗത്തുള്ള വിഷമതകളെ സംബന്ധിച്ച് മി: ഉണ്ണി പറഞ്ഞത് ഈ സഭ വളരെ ശ്രദ്ധയോടുകൂടി കേട്ടതാണ്. കഴിഞ്ഞ കൊല്ലം ഈ കാലഘട്ടത്തിൽ കശുവണ്ടി വാങ്ങുന്നതിന് ചെയ്ത എല്ലാ ഏർപ്പാടുകളും ഇത്തവണയും ചെയ്തിട്ടുണ്ടെന്ന് സഭയോടു പറയാൻ ഞാൻ ഉദ്ദേശിക്കുന്നു.

ശ്രീ. സി. ബി. സി. വാര്യർ: പണം കൊടുത്തിട്ടില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പണം കൊടുത്തിട്ടില്ലായെന്നു പറയുന്നത് ശരിയല്ല. ആവശ്യമുള്ള പണം കൊടുത്തിട്ടുണ്ട്. കശുവണ്ടി സീസണിൽ (ബഹളം) എന്നെ സംസാരിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ എനിക്ക് സംസാരിച്ചുകൊള്ളണമെന്ന് നിർബന്ധമില്ല. കഴിഞ്ഞ തവണ വാങ്ങിയതിനേക്കാളും കൂടുതൽ കശുവണ്ടി ഇത്തവണ വാങ്ങുമെന്നും, കഴിഞ്ഞ തവണ എത്ര പേർക്ക് ജോലി കൊടുത്തു അത്രയും പേർക്ക് അത്രയും ദിവസം ജോലി കൊടുക്കുമെന്നും പറയാൻ എനിക്കുദ്ദേശമുണ്ട്. (ബഹളം) ഞാൻ എങ്ങനെ പറയണമെന്ന് എനിക്കു അറിയാം. എന്നെ ആരും പഠിപ്പിക്കേണ്ട. ഞാൻ നടാടെ വന്നതല്ല. കേരളം ഉണ്ടായതു മുതൽ ഞാൻ ഈ സഭയിൽ ഉള്ളതാണ്.

മി: ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങളും ഗവൺമെൻറു ഭാഗത്തു നിന്നും എന്തു ചെയ്തു എന്നു പറയുന്നത് കേൾക്കണം. ഇവിടെ ശ്രീ. ഉണ്ണി ഒരു പ്രശ്നം ഉന്നയിച്ചു, അതിനെ സംബന്ധിച്ച് ഗവൺമെൻറിനു പറയാനുള്ളത് മന്ത്രി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സൗജന്യറേഷൻ കൊടുക്കാനാണ് പണം വകയിരുത്തിയത് എന്നു പറയുന്നതു ശരിയല്ല. കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി; കശുവണ്ടിതൊഴിലാളികളുടെ ക്ഷേമ നിധിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സൗജന്യറേഷൻ കൊടുത്തു കശുവണ്ടി, കയർ തൊഴിലാളികളുടെയെല്ലാം പട്ടിണി പരിഹരിക്കാൻ ശ്രമിച്ചാൽ അത് സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. അവർക്ക് ജോലി കൊടുക്കുകയാണ് വേണ്ടത്. അതിനുള്ള ഏർപ്പാടുകളും ഗവൺമെൻറ് ചെയ്തിട്ടുണ്ട്. വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്ന അണ്ടിയും, ഇവിടെ സംഭരിക്കുന്ന അണ്ടിയും കടത്തിക്കൊണ്ട് പോകാതിരിക്കാനുള്ള കർശന നടപടികളും സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി മാർക്കറ്റിൽ വന്നു തുടങ്ങിയതേയുള്ളു. അതു വാങ്ങാനുള്ള പണം

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറിംഗ് ഫെഡറേഷനെ അവൈലബിളാക്കിയിട്ടുണ്ട്. പട്ടിണി മരണങ്ങളും ഉണ്ടാകുമെന്ന ഉണ്ണിയുടെ ആശങ്ക അസ്ഥാനത്തോ അടിസ്ഥാന രഹിതമോ ആണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കശുവണ്ടി തൊഴിലാളികൾക്ക് പണി കൊടുക്കാൻ, കശുവണ്ടി സംഭരിക്കാൻ പഴയകാലത്ത് ചെയ്തതിനേക്കാൾ ആത്മാർത്ഥമായും, കാര്യക്ഷമമായും ഈ ഗവൺമെൻറ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു തന്നെയാണ് എൻെറ വാദം. വേറെ ഏതെല്ലാം രീതിയിൽ ഇത് പരിഹരിക്കാൻ കഴിയുമെന്ന് ഗവൺമെൻറ് തീർച്ചയായും ആലോചിക്കുന്നതാണ്. കഴിഞ്ഞ കൊല്ലം ചെയ്ത പ്രവൃത്തികൾ കുറച്ചു കാലേക്കൂട്ടി ചെയ്തു എന്നല്ലാതെ വേറെ കുഴപ്പമൊന്നും ഉണ്ടായിട്ടില്ലെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. സി. എ. കുര്യൻ : ട്രെയിഡ് യൂണിയൻ നേതാക്കൻമാർ ഇവിടെ നിരാഹാരം കിടപ്പുണ്ട്. അവരെ വിളിച്ചു ചർച്ച ചെയ്യുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : നേതാക്കൻമാരുടെ നിരാഹാരം അവസാനിപ്പിക്കാൻ ഗവൺമെൻറ് ഒന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. പ്രശ്നങ്ങൾ പരിഹരിച്ചാൽ നേതാക്കൻമാരുടെ നിരാഹാരം അവസാനിച്ചുകൊള്ളും. നിരാഹാര വ്രതം നടത്തിയേ തീരൂ എന്ന് ശാഠ്യമുണ്ടെങ്കിൽ ഗവൺമെൻറിന് ഒന്നും ചെയ്യാൻ കഴിയുമെന്നു തോന്നുന്നില്ല, പ്രശ്നം പരിഹരിക്കാൻ ഗവൺമെൻറ് (ബഹളം) ..... ബാലകൃഷ്ണ പിള്ളയോട് ചന്ദ്രശേഖരൻ നായർ പാരിറ്റി അവകാശപ്പെടുന്നു... (ബഹളം) എനിക്കു ആർക്ക് വഴങ്ങണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം പോലുമില്ലെങ്കിൽ അതു വളരെ കഷ്ടമാണെന്നാണ് എനിക്കു പറയാനുള്ളത്. ആർക്ക് വഴങ്ങണം, ആർക്കു വഴങ്ങണ്ട എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ എങ്ങനെ ഇതെല്ലാം നടക്കും; കശുവണ്ടിമേഖലയിൽ കൂടുതൽ കശുവണ്ടി സംഭരിക്കാനും കൂടുതൽ ദിവസങ്ങളിൽ തൊഴിൽ കൊടുക്കാനുമുള്ള എല്ലാ നടപടികളും ഗവൺമെൻറ് എടുക്കുന്നതാണെന്ന് ആത്മാർത്ഥമായും സഭയ്ക്ക് ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി : പ്രഖ്യാപിത വെൽഫെയർ ഫണ്ട് സ്കീമിൽ സൗജന്യ റേഷനാണ് പ്രധാന ഇനം. ബഹുമാനപ്പെട്ട വ്യവസായ മന്ത്രി അതൊന്നു പരിശോധിക്കണം, പരിശോധിച്ചു ചെയ്യണമെന്നാണ് എൻെറ അഭ്യർത്ഥന.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സൗജന്യറേഷൻ എല്ലാ കൊല്ലവും കൊടുത്തുകൊണ്ടിരുന്നതാണ്. അതിന് വെൽഫയർ ഫണ്ടുമായി യാതൊരു ബന്ധവുമില്ല. എല്ലാ വർഷവും കൊടുത്തുകൊണ്ടിരുന്നതാണ്. അതു കൊടുക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

(ബഹളം)

ശ്രീ. ജെ. ചിത്തരഞ്ജൻ : സഹകരണസംഘങ്ങൾക്ക് പണം ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് സഹകരണസംഘങ്ങൾക്ക് തോട്ടണ്ടി എടുക്കാൻ കഴിയുന്നില്ല.

മി: ചെയർമാൻ : ഇവിടെ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയമല്ല ചർച്ചയ്ക്കു വന്നിരിക്കുന്നത്. ഇവിടെ റൂൾ 304 അനുസരിച്ച് ഒരു പ്രത്യേക പ്രശ്നം ശ്രീ. ആർ. എസ്. ഉണ്ണി സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. അത് സംബന്ധിച്ച് ഗവൺമെൻറിന് പറയാനുള്ളത് പറഞ്ഞു. അതു സംബന്ധിച്ച് കൂടുതൽ ചർച്ച ഇനി അനുവദിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly